"ഭരണഭാഷ-മാതൃഭാഷ"

കേരള വനിതാ കമ്മിഷൻ

(1990-ലെ കേരള വനിതാ കമ്മിഷൻ ആക്റ്റ് പ്രകാരം സംസ്ഥാപിതം)

പട്ടം പാലസ് പി.ഒ., പിഎം.ജി.,
തിരുവനന്തപുരം-4
ഫോൺ : 0471-2302590, 2307589
ഇ-മെയിൽ : secretary.kwc@kerala.gov.in (ഭരണ വിഭാഗം)
kerala[illegible].co.in (പരാതി വിഭാഗം)
Website : www.keralawomenscommission.gov.in

D1/755A /2026/കേവക

തീയതി: 24/10/2026

D1/755/2026/കേവക

തീയതി : 24/10/2026

ഡയറക്ടർ
പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
ഗവ. സെക്രട്ടേറിയേറ്റ്
തിരുവനന്തപുരം.

സർ,

വിഷയം:- സംസ്ഥാന വനിതാ കമ്മീഷൻ, കേരളം - വിവിധ പരിശീലന പരിപാടികൾ / ബോധവൽക്കരണ ക്ലാസുകൾ എന്നിവയ്ക്കായി സംസ്ഥാനതല / ജില്ലാതല റിസോഴ്സ് പേഴ്സൺ പാനൽ (Resource Persons Panel) രൂപീകരിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന :- 24/10/2026-ലെ D1/755A /2026/കേവക നമ്പർ വിജ്ഞാപനം

കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ, സ്ത്രീ സുരക്ഷ, അവകാശങ്ങൾ, നിയമപരിരക്ഷ, ലിംഗസമത്വം, സൈബർ സുരക്ഷ, ഗാർഹിക പീഡനപ്രതിരോധം തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനങ്ങൾ, ക്യാമ്പസ് ശില്പശാലകൾ തുടങ്ങി നിരവധി ബോധവത്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. ആയതിലേക്ക് വിവധ വിഷയങ്ങളിൽ പ്രാവീണ്യവും അനുഭവപരിചയവുമുള്ള വിദഗ്ധരുടെ സേവനം ഉറപ്പാക്കുന്നതിനുമായി നിയമം, സ്ത്രീസുരക്ഷ, സൈബർ സുരക്ഷ, ലിംഗസമത്വം, കൗൺസിലിംഗ്, സാമൂഹ്യ ഇടപെടൽ തുടങ്ങിയ മേഖലകളിൽ പ്രാവീണ്യമുള്ള വ്യക്തികളെ ഉൾപ്പെടുത്തി ഒരു റിസോഴ്സ് പേഴ്സൺ പാനൽ രൂപീകരികരിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനായുള്ള പത്രക്കുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്/-)
(ബീന.വൈ.ബി.)
മെമ്പർ സെക്രട്ടറി

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്

"ഭരണഭാഷ-മാതൃഭാഷ"

കേരള വനിതാ കമ്മിഷൻ

(1990-ലെ കേരള വനിതാ കമ്മിഷൻ ആക്റ്റ് പ്രകാരം സംസ്ഥാപിതം)

പട്ടം പാലസ് പി.ഒ., പിഎം.ജി.,
തിരുവനന്തപുരം-4
ഫോൺ : 0471-2302590, 2307589
ഇ-മെയിൽ : secretary.kwc@kerala.gov.in (ഭരണ വിഭാഗം)
keralawomenscommission@yahoo.co.in (പരാതി വിഭാഗം)
Website : www.keralawomenscommission.gov.in

D1/755A/2026/കേവക

തീയതി : 24/10/2026

D1/755A/2026/കേവക   തീയതി : 24/10/2026

വിജ്ഞാപനം

കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സ്ത്രീ സുരക്ഷ, അവകാശങ്ങൾ, നിയമങ്ങൾ, ലിംഗസമത്വം, സൈബർ സുരക്ഷ എന്നിവ മുൻനിർത്തി കമ്മീഷൻ സംസ്ഥാനത്തുടനീളം സ്റ്റേറ്റ്/ഡിസ്ട്രിക്ട് സെമിനാറുകൾ, ജാഗ്രതാ സമിതി പരിശീലനങ്ങൾ, ക്യാമ്പസ് ശില്പശാലകൾ തുടങ്ങി നിരവധി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

പ്രസ്തുത പരിപാടികളിൽ കൃത്യതയോടും കാര്യക്ഷമതയോടും കൂടി ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് യോഗ്യരായ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ ഒരു റിസോഴ്സ് പേഴ്സൺ പാനൽ (Resource Panel) രൂപീകരിക്കുന്നതിനായി താഴെ പറയുന്ന 4 പ്രധാന വിഭാഗങ്ങളിൽ നിന്നുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

(i) അഭിഭാഷകർ (Advocates): ബാർ കൗൺസിൽ എൻറോൾമെന്റും കുറഞ്ഞത് 7 വർഷത്തെ സജീവ പ്രവൃത്തിപരിചയവും ഉള്ളവർ.

(ii) പോലീസ് ഉദ്യോഗസ്ഥർ (Police Personnel – വിരമിച്ചവരും സർവീസിലുള്ളവരും): ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (DySP / ACP) അല്ലെങ്കിൽ അതിനു മുകളിലുള്ള തസ്തികകളിൽ സേവനമനുഷ്ഠിച്ചവർ/സേവനമനുഷ്ഠിക്കുന്നവർ.

(iii) കൗൺസിലർമാർ (Counsellors): എം.എസ്.ഡബ്ല്യു (MSW) അല്ലെങ്കിൽ സൈക്കോളജി ബിരുദാനന്തര ബിരുദവും കൗൺസിലിംഗിൽ 3 വർഷത്തെ പരിചയവും ഉള്ളവർ.

(iv) സൈബർ & എ.ഐ വിദഗ്ധർ (Cyber & AI Experts): ഐ.ടി/സൈബർ നിയമ ബിരുദമോ അംഗീകൃത സർട്ടിഫിക്കേഷനോ എ.ഐ/ഡിജിറ്റൽ സുരക്ഷാ ബോധവൽക്കരണത്തിൽ പരിചയവുമുള്ളവർ.

■ മേഖലാ ഓഫീസ് എറണാകുളം, ഒന്നാം നില, കോർപ്പറേഷൻ ബിൽഡിങ്സ്, പരമാര റോഡ്, എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷന് സമീപം, എറണാകുളം-682 018 ഫോൺ : 0484 -2926019 ഇ-മെയിൽ : kwcekm@gmail.com

■ മേഖലാ ഓഫീസ് കോഴിക്കോട്, ഗ്രൗണ്ട് ഫ്ളോർ, കോഴിക്കോട് ജില്ലാ പഞ്ചായത്ത് കാര്യാലയം, കളക്ട്രേറ്റ്, കോഴിക്കോട്-673 020 ഫോൺ : 0495 -2377590 ഇ-മെയിൽ : kwckkd@gmail.com

മേൽ പറഞ്ഞ വിഭാഗങ്ങളിലായി സംസ്ഥാനത്തുടനീളം യാത്ര ചെയ്യാൻ സന്നദ്ധരായവരും സ്വന്തം ജില്ലയിൽ പ്രവർത്തിക്കാൻ താത്പര്യപ്പെടുന്നവരും ടി സന്നദ്ധത അപേക്ഷയോടൊപ്പം അറിയിക്കേണ്ടതാണ്.

അപേക്ഷകൾ മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, കേരളം, ലൂർദ്ദ് പള്ളിക്കുസമീപം, പി.എം.ജി, പട്ടം.പി.ഒ, തിരുവനന്തപുരം – 695 004 എന്ന വിലാസത്തിൽ **05/11/2026**–ന് **5.00–pm**–അകം ലഭിച്ചിരിക്കേണ്ടതാണ്.

മെമ്പർ സെക്രട്ടറി